# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5210 05.07.2012 ൽ മറുപടിയ്ക്ക്

## മലബാറിലെ ഫെയർ സ്റ്റേജ് നിർണ്ണയത്തിലെ അശാസ്ത്രീയത

| ചോദ്യം<br>ശ്രീ. പി. ഉബൈദുള്ള | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി |
|---|---|---|
| (എ) സംസ്ഥാനത്ത് നിലവിലുള്ള ഫെയർ സ്റ്റേജ് കണക്കാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കാമോ; | (എ) | രണ്ട് സ്റ്റേജുകൾക്കിടയിലുള്ള ദൂരം 2.5 കി.മീ. എന്നതാണ് പൊതുവായി സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം. രണ്ട് സ്റ്റേജുകൾക്കിടയിലുള്ള പരമാവധി അകലം സാധാരണ ഗതിയിൽ 6.5 കി.മീ കവിയാനും പാടുള്ളതല്ല. മേൽ പറഞ്ഞ നിബന്ധനകൾക്ക് വിധേയമായി സ്ഥലങ്ങളുടെ പ്രാധാന്യം, പൊതുജനങ്ങളുടെ സൗകര്യം എന്നിവ കണക്കിലെടുത്താണ് ഫെയർ സ്റ്റേജ് നിശ്ചയിക്കുന്നത്. ഫാസ്റ്റ് പാസഞ്ചർ മുതൽ മുകളിലോട്ടുള്ള സർവ്വീസുകൾക്ക് സ്ഥലത്തിന്റെ പ്രാധാന്യവും യാത്രക്കാരുടെ ആവശ്യവുമനുസരിച്ചാണ് ഫെയർ സ്റ്റേജ് നിർണ്ണയിക്കുന്നത്. |
| (ബി) മലബാറിലെ ഫെയർ സ്റ്റേജ് നിർണ്ണയത്തിലെ അശാസ്ത്രീയതമൂലം യാത്രക്കാർ അമിത ചാർജ്ജ് നൽകേണ്ടിവരുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) എങ്കിൽ അവ പരിഹരിക്കുന്നതിനും ഫെയർ സ്റ്റേജ് നിർണ്ണയം പുന:പരിശോധിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ? | (സി) | ഫെയർ സ്റ്റേജ് നിർണ്ണയിക്കുന്നതിനും പുന:പരിശോധിക്കുന്നതിനുമുള്ള അധികാരം അതാത് റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റികൾക്കായതിനാൽ ഫെയർ സ്റ്റേജ് അപാകതങ്ങൾ സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ അന്വേഷിച്ച് നടപടിയെടുക്കുന്നതിനായി അതാത് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്ക് ഗതാഗത കമ്മീഷണർ നിർദ്ദേശം നൽകിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ഭരണസമിതിയുടെ അംഗീകാരത്തോടെ നിലവിലുള്ള ഫെയർ സ്റ്റേജുകൾ പുനർനിർണ്ണയിച്ചുകൊണ്ടും പുതിയ ഫെയർ സ്റ്റേജുകൾ അനുവദിച്ചുകൊണ്ടും നടപടി സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ